# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 613 — 11-07-2012 ൽ മറുപടിയ്ക്ക്

## കെട്ടിക്കിടക്കുന്ന ഫയലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ് :<br>,, തോമസ് ഉണ്ണിയാടൻ :<br>,, മോൻസ് ജോസഫ് :<br>,, റ്റി . യു. കുരുവിള : | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സർക്കാരിന് ലഭിക്കുന്ന പരാതികളിന്മേൽ ഉടൻ നടപടി സ്വീകരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ; | (എ) സർക്കാരിനു ലഭിക്കുന്ന പരാതികളിന്മേൽ 5 ദിവസത്തിനകം നടപടി സ്വീകരിക്കണമെന്ന് ഓഫീസ് മാനുവലിൽ നിഷ്കർഷിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നേരിട്ടും കാൾസെന്റർ മുഖേനയും ഓൺലൈനായും ലഭിക്കുന്ന പരാതികൾ, 14 ദിവസത്തിനകം ആവശ്യമായ നടപടി സ്വീകരിച്ച് പരാതിക്കാരന് നേരിട്ട് മറുപടി നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും, ആയത് സംബന്ധിച്ച റിപ്പോർട്ടുകൾ പരിശോധിച്ച് തുടർ നടപടികൾ ആവശ്യമായ കേസുകളിൽ ആയതു സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നിയമപരമായ തടസ്സങ്ങളില്ലാത്തതും സങ്കീർണ്ണമായ നടപടിക്രമങ്ങൾ ആവശ്യമില്ലാത്തതുമായ പരാതികളിന്മേൽ കാലതാമസം കൂടാതെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

(...... മറുപുറം)

| | |
|---|---|
| (ബി) കെട്ടിക്കിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് മാസാമാസങ്ങളിൽ അദാലത്തുകൾ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് കാലാകാലങ്ങളിൽ വിവിധ വകുപ്പുകൾ ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുകയും നിയമപരമായി തടസ്സങ്ങളില്ലാത്ത ഫയലുകൾ തീർപ്പാക്കുകയും ചെയ്യുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം '100 ദിന പരിപാടിയിൽ' ഉൾപ്പെടുത്തി 2011 ജൂൺ മാസം മുതൽ സെപ്തംബർ മാസം വരെ 'തീവ്ര ഫയൽ തീർപ്പാക്കൽ പദ്ധതി' യിലൂടെ ധാരാളം ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ വകുപ്പുകളുടേയും പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ സമഗ്രമായി വിലയിരുത്തി ആവശ്യമായ നിർദ്ദേശം എല്ലാ വകുപ്പുകൾക്കും നൽകി വരുന്നുണ്ട്. മാസാമാസങ്ങളിൽ ഫയൽ അദാലത്തുകൾ നടത്തുകയെന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ